**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3434** **08-10-2025 - ൽ മറുപടിയ്ക്ക്**

**43 ക്ലെയ്മെന്റ് ആയ ടീച്ചറുടെ നിയമനം സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വയല എൻ. ഡി. എം. യു. പി. സ്കൂളിലെ പാർട്ട് ടൈം ഹിന്ദി ലാംഗ്വേജ് ടീച്ചർ ശ്രീമതി രാജി രാജുവിന്റെ നിയമനം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടും ആയത് അംഗീകരിച്ച് സ്കെയിൽ ഓഫ് പേയും ശമ്പള കുടിശിക ആനുകൂല്യങ്ങളും നൽകുന്നതിന് പകരം അടൂർ എ. ഇ. ഓ. ഓഫീസ് ചട്ടവിരുദ്ധമായി താത്ക്കാലിക നിയമനം നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രീമതി. രാജി രാജുവിന്റെ വയല എൻ.ഡി.എം.യു.പി സ്കൂളിൽ പി.ടി.എൽ.ജി ഹിന്ദി തസ്തികയിലെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് ചട്ടം 92 അദ്ധ്യായം XIV (A) KER- പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പുനഃപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി രാജി രാജു കെ.ഇ.ആർ അധ്യായം 14 എ ചട്ടം 1 (നോട്ട് 1) ഗണത്തിൽപ്പെട്ട വ്യക്തി ആയതിനാൽ ടിയാൾക്ക് 25.06.2022-ലെ സ.ഉ(കൈ)നം.111/2022/പൊ.വിവ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളതിനാൽ ടിയാൾ 2022-ൽ കെ-ടെറ്റ് നേടിയ സാഹചര്യത്തിൽ എൽ.ജി.പി.ടി ഹിന്ദി തസ്തികയിൽ ടിയാളുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 15/07/2022 മുതൽ ഭിന്നശേഷി സംവരണം ബാധകമാക്കാതെ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകുവാനുള്ള നിർദ്ദേശം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ ഉത്തരവ് പരിഗണിച്ച് 43 ക്ലെയ്മെന്റ് ആയ ടീച്ചറുടെ നിയമനം സ്ഥിരപ്പെടുത്തി നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രീമതി. രാജി രാജുവിന്റെ വയല എൻ.ഡി.എം.യു.പി സ്കൂളിൽ പി.ടി.എൽ.ജി ഹിന്ദി തസ്തികയിലെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് ചട്ടം 92 അദ്ധ്യായം XIV (A) KER- പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പുനഃപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി രാജി രാജു കെ.ഇ.ആർ അധ്യായം 14 എ ചട്ടം 1 (നോട്ട് 1) ഗണത്തിൽപ്പെട്ട വ്യക്തി ആയതിനാൽ ടിയാൾക്ക് 25.06.2022-ലെ സ.ഉ(കൈ)നം.111/2022/പൊ.വിവ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് |

| | | | |
|---|---|---|---|
| | | | അർഹതയുള്ളതിനാൽ ടിയാൾ 2022-ൽ കെ-ടെറ്റ് നേടിയ സാഹചര്യത്തിൽ എൽ.ജി.പി.ടി ഹിന്ദി തസ്തികയിൽ ടിയാളുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 15/07/2022 മുതൽ ഭിന്നശേഷി സംവരണം ബാധകമാക്കാതെ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുവാനുള്ള നിർദ്ദേശം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (സി) | മതിയായ കാരണംകൂടാതെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനം അംഗീകരിച്ച് നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ അച്ചടക്ക നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഇത് സംബന്ധിച്ച് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വിശദീകരണം വാങ്ങി പരിശോധിച്ച് പ്രസ്തുത ഓഫീസിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും കാലതാമസം നേരിട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പുതിയ റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ശ്രീമതി രാജി രാജുവിന്റെ നിയമനം സർക്കാർ അംഗീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അംഗീകാരം നൽകാതിരുന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഇത് സംബന്ധിച്ച് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വിശദീകരണം വാങ്ങി പരിശോധിച്ച് പ്രസ്തുത ഓഫീസിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും കാലതാമസം നേരിട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പുതിയ റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇത്തരം കേസുകളിൽ പരാതി ഉന്നയിക്കുന്ന മാനേജ്മെന്റ്, പ്രഥമ അദ്ധ്യാപകർ, അധ്യാപകർ മുതലായവരെ വകുപ്പിലെ ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്താറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ശ്രീമതി രാജി രാജു വിന്റെ നിയമനം സർക്കാർ അംഗീകരിച്ച ദിനം മുതൽ നാളിതുവരെയുള്ള കുടിശിക ആനുകൂല്യങ്ങളുടെ പലിശ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എഫ്) | ഇത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) | എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അപേക്ഷ ലഭിച്ച് മൂന്നു മാസത്തിനകം അംഗീകരിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; അപ്രകാരം അകാരണമായി അംഗീകരിച്ച് നൽകാതെ അഴിമതിക്ക് വഴിയൊരുക്കുന്ന ഉദ്യോഗസ്ഥരെ ഉടനടി പിരിച്ചു വിടാൻ നടപടി സ്വീകരിക്കുമോ? | (ജി) | എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾ സംബന്ധിച്ച അപേക്ഷ മതിയായ എല്ലാ രേഖകളും സഹിതം മാനേജർ സമർപ്പിക്കുന്ന പക്ഷം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അംഗീകാരയോഗ്യം എങ്കിൽ അംഗീകരിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ